**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 878** **30-06-2022 - ൽ മറുപടിയ്ക്ക്**

**ശബരിമല പുണ്യദർശനം കോംപ്ലക്സ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ പ്രമോദ് നാരായൺ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സ്ഥലം ഉടമസ്ഥാവകാശം ദേവസ്വം ബോർഡിൽ നിലനിർത്തികൊണ്ട് ശബരിമല പുണ്യദർശനം കോംപ്ലക്സ് നിർമ്മാണത്തിനായി സംസ്ഥാന സർക്കാരിന്റെ നിർവ്വഹണ ഏജൻസിയായ ഡി.ടി.പി.സി. യ്ക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിന് ദേവസ്വം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 17/05/2016-ൽ ശബരിമലയിലെ 20 സെൻറ് സ്ഥലത്ത് പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ടൂറിസം വകുപ്പിന് അനുമതി നൽകുകയും തുടർന്ന് 17/10/2017-ൽ ബഹു. മുഖ്യമന്ത്രി പദ്ധതിയ്ക്ക് തറക്കല്ലിടുകയും ചെയ്തിരുന്നു. പിന്നീട് ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് വനം വകുപ്പ് ചില തടസ്സവാദങ്ങൾ ഉന്നയിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. 06/07/2021-ൽ പത്തനംതിട്ട ഡി.റ്റി.പി.സി പദ്ധതി ആരംഭിക്കുന്നതിന് നൽകിയ അപേക്ഷ 14/07/2021-ൽ ചേർന്ന ശബരിമല ഉന്നതാധികാര സമിതി യോഗം ചർച്ച ചെയ്യുകയും ശബരിമല പുണ്യദർശനം കോംപ്ലക്സ് ശബരിമല ലേ ഔട്ട് പ്ലാനിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജ് മുഖേന പുനഃക്രമീകരിക്കുന്ന ലേ ഔട്ട് പ്ലാനിൽ മാറ്റങ്ങൾ വരുത്തി ഉൾപ്പെടുത്തുവാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനിടയിൽ വനം വകുപ്പുമായുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ശബരിമല ഉൾപ്പെടുന്ന പ്രദേശത്തെ ജോയിൻറ് സർവ്വേ ബഹു. കേരള ഹൈക്കോടതി നിയോഗിച്ച അഭിഭാഷക സമിതിയുടെ ചുമതലയിൽ നടത്തിയിട്ടുള്ളതും പ്രസ്തുത സർവ്വേ റിപ്പോർട്ട് ഹൈക്കോടതി അംഗീകരിക്കുകയും തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്, സംസ്ഥാന സർവ്വേ വകുപ്പ്, വനം വകുപ്പ് എന്നിവർ അഭിഭാഷക കമ്മിറ്റിയുടെ ചുമതലയിൽ അതിർത്തി നിശ്ചയിച്ച് കല്ലിടുന്ന നടപടികൾ പുരോഗമിക്കുകയുമാണ്. അതിർത്തി നിശ്ചയിച്ച് ജൻഡകൾ സ്ഥാപിച്ചതിന് ശേഷം ബഹു. ഹൈക്കോടതി മുമ്പാകെയുള്ള ബന്ധപ്പെട്ട ഹർജികളുടെ തീർപ്പിന് വിധേയമായി |

| | | | |
|---|---|---|---|
| | | | മാത്രമേ സ്ഥലം കൈമാറ്റം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കൂ എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |
| (ബി) | അടിയന്തരമായി സ്ഥലം വിട്ട് കൊടുത്ത് നിർമ്മാണം ആരംഭിക്കാത്ത പക്ഷം സർക്കാർ അനുവദിച്ച ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും ശബരിമല തീർത്ഥാടകരുടെ താൽപ്പര്യം സംരക്ഷിക്കുവാനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ബി) | 17/05/2016-ൽ ശബരിമലയിലെ 20 സെൻറ് സ്ഥലത്ത് പുണ്യദർശനം കോംപ്ലക്സ് നിർമ്മിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ടൂറിസം വകുപ്പിന് അനുമതി നൽകുകയും തുടർന്ന് 17/10/2017-ൽ ബഹു. മുഖ്യമന്ത്രി പദ്ധതിയ്ക്ക് തറക്കല്ലിടുകയും ചെയ്തിരുന്നു. പിന്നീട് ഈ പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് വനം വകുപ്പ് ചില തടസ്സവാദങ്ങൾ ഉന്നയിച്ചതായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. 06/07/2021-ൽ പത്തനംതിട്ട ഡി.റ്റി.പി.സി പദ്ധതി ആരംഭിക്കുന്നതിന് നൽകിയ അപേക്ഷ 14/07/2021-ൽ ചേർന്ന ശബരിമല ഉന്നതാധികാര സമിതി യോഗം ചർച്ച ചെയ്യുകയും ശബരിമല പുണ്യദർശനം കോംപ്ലക്സ് ശബരിമല ലേ ഔട്ട് പ്ലാനിൽ ഉൾപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജ് മുഖേന പുനഃക്രമീകരിക്കുന്ന ലേ ഔട്ട് പ്ലാനിൽ മാറ്റങ്ങൾ വരുത്തി ഉൾപ്പെടുത്തുവാൻ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളജിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതിനിടയിൽ വനം വകുപ്പുമായുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ശബരിമല ഉൾപ്പെടുന്ന പ്രദേശത്തെ ജോയിൻ്റ് സർവ്വേ ബഹു. കേരള ഹൈക്കോടതി നിയോഗിച്ച അഭിഭാഷക സമിതിയുടെ ചുമതലയിൽ നടത്തിയിട്ടുള്ളതും പ്രസ്തുത സർവ്വേ റിപ്പോർട്ട് ഹൈക്കോടതി അംഗീകരിക്കുകയും തുടർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ്, സംസ്ഥാന സർവ്വേ വകുപ്പ്, വനം വകുപ്പ് എന്നിവർ അഭിഭാഷക കമ്മിറ്റിയുടെ ചുമതലയിൽ അതിർത്തി നിശ്ചയിച്ച് കല്ലിടുന്ന നടപടികൾ പുരോഗമിക്കുകയുമാണ്. അതിർത്തി നിശ്ചയിച്ച് ജൻഡകൾ സ്ഥാപിച്ചതിന് ശേഷം ബഹു. ഹൈക്കോടതി മുമ്പാകെയുള്ള ബന്ധപ്പെട്ട ഹർജികളുടെ തീർപ്പിന് വിധേയമായി മാത്രമേ സ്ഥലം കൈമാറ്റം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കൂ എന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ